പതിനാലാം കേരള നിയമസഭ

# പിന്നാക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി
# (2016 -2019)

## നാലാമത് റിപ്പോർട്ട്

(2018 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നാക്ക സമുദായ ക്ഷേമ സമിതി (1998-2000)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നാക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി (2016 -2019)

## നാലാമത് റിപ്പോർട്ട്

(2018 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പിന്നോക്ക സമുദായ ക്ഷേമ സമിതി (1998 -2000)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ (പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച്]**

1744/2018.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 24 |

## സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ചിറ്റയം ഗോപകുമാർ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ആൻസലൻ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. ടി. വി. ഇബ്രാഹിം

ശ്രീ. വി. ജോയി

ശ്രീ. കെ. എൻ. എ. ഖാദർ

ശ്രീ. കെ. ഡി. പ്രസേനൻ

ശ്രീ. എസ്. രാജേന്ദ്രൻ

ശ്രീ. പി. കെ. ശശി.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. വേണുഗോപാൽ, അണ്ടർ സെക്രട്ടറി.

# ആമുഖം

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതി (2016-2019)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ നാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലേയും, കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കേരഫെഡ്)ന്റേയും, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)യിലേയും, കമാന്റ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി (കാഡ)യിലേയും ജീവനക്കാരുടെ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച് സമിതി (1998-2000)യുടെ പതിനൊന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ/നിർദ്ദേശങ്ങളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ മറുപടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ 4-ാം തീയതി ചേർന്ന സമിതി യോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ചിറ്റയം ഗോപകുമാർ,
*അദ്ധ്യക്ഷൻ,*
*പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 4.

# റിപ്പോർട്ട്

കേരള നിയമസഭ പിന്നോക്ക സമുദായക്ഷേമ സമിതി (1998-2000)യുടെ പതിനൊന്നാമത് റിപ്പോർട്ട് (പൊതുമേഖലാ സ്ഥാപനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം സംബന്ധിച്ച്) 1999 ജൂൺ 25-ന് സഭയിൽ സമർപ്പിക്കുകയുണ്ടായി. കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനിലേയും, കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കേരഫെഡ്)ന്റേയും, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)യിലേയും, കമാന്റ് ഏരിയാ ഡെവലപ്മെന്റ് അതോറിറ്റി (കാഡ)യിലേയും ജീവനക്കാരുടെ നിയമനങ്ങളിലെ പിന്നോക്ക സമുദായ പ്രാതിനിധ്യം പരിശോധനാ വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ടി റിപ്പോർട്ട് സമർപ്പിച്ചത്.

റിപ്പോർട്ടിലെ 2, 3, 4, 7, 8, 9, 10, 14, 17, 20, 36, 40, 42, 45, 47, 49, 51, 53, 58, 59, 62 എന്നീ ഖണ്ഡികകളിലാണ് ശിപാർശകൾ ഉണ്ടായിരുന്നത്. 2, 3, 4, 7, 8, 9, 10, 62 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ റിപ്പോർട്ടുകൾ 13-4-2000-ൽ ചേർന്ന സമിതി യോഗം പരിഗണിച്ച് അംഗീകരിച്ചിരുന്നു. 36-ാമത് ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭ്യമായ റിപ്പോർട്ട് പരിഗണിച്ച പ്രസ്തുത സമിതിയോഗം കേരഫെഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്തുന്നതിന് സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്നത് സംബന്ധിച്ച് അധികവിവരം ആരായുകയുണ്ടായി. 40, 42, 45, 47, 49, 51, 53, 58, 59 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭ്യമായ റിപ്പോർട്ടുകൾ 21-3-2001-ൽ ചേർന്ന സമിതിയോഗം പരിഗണിച്ച് അംഗീകരിച്ചിരുന്നു.

**സമിതിയുടെ ശിപാർശകളും അവ സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

| ക്രമ നമ്പർ | ശിപാർശ | സ്വീകരിച്ച നടപടി |
|---|---|---|
| 1. | **ശിപാർശ 1 (ഖണ്ഡിക 2)** കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ സംവരണതത്വം സംബന്ധിച്ച വ്യവസ്ഥകൾ പാലിക്കുവാൻ നിർദ്ദേശിക്കുന്ന ഒരു വ്യവസ്ഥയും, ഒട്ടുമിക്ക പൊതുമേഖലാ സ്ഥാപനങ്ങളുടെയും മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് | പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സർക്കാർ സർവ്വീസിൽ ഉള്ളതുപോലെ സംവരണതത്വം പാലിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകൾ ഉൾക്കൊള്ളിക്കുവാൻ വേണ്ട ഭേദഗതികൾ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ വരുത്തണമെന്ന നിർദ്ദേശം 20-10-1982-ലെ |

| | | |
|---|---|---|
| | ഓഫ് അസോസിയേഷനിൽ ഉൾക്കൊള്ളിച്ച് കാണാത്തതിൽ സമിതി ആശ്ചര്യപ്പെടുന്നു. സംവരണാനുകൂല്യം അംഗീകരിക്കുവാൻ വിമുഖത കാട്ടുന്നത് തികച്ചും അനീതികൾക്ക് കൂട്ടുനിൽക്കലാണെന്ന് അഭിപ്രായപ്പെടുന്നു. | 16309/82/ബി.പി.ഇ./പ്ലാനിംഗ് എന്ന സർക്കുലർ പ്രകാരം എല്ലാ സ്ഥാപനങ്ങളുടെയും മുഖ്യമേധാവികൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ പി.എസ്.സി.യുടെ പരിധിയിൽ വരാത്ത തസ്തികകളിലേക്ക് നിയമനം നടത്തുമ്പോൾ കെ.എസ്. ആന്റ് എസ്.എസ്. റൂൾസിലെ സംവരണതത്വം സംബന്ധിച്ച വ്യവസ്ഥകൾ കർശനമായും പാലിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ കണക്കിലെടുത്ത് മെമ്മോറാണ്ടം ആന്റ് ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഭേദഗതി വരുത്തിയിട്ടില്ലെങ്കിൽ ഇതിനുവേണ്ട സത്വര നടപടി കൈക്കൊള്ളുവാൻ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുഖ്യമേധാവികൾക്ക് 9870/പി.ഇ.എസ്.ബി./99/പ്ലാ. സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് (അനുബന്ധം 1). നേരിട്ടുള്ള നിയമനങ്ങളിൽ സർക്കാർ നിയമനങ്ങളിലേതുപോലെ കേരളാ സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട്-2-ൽ 14 മുതൽ 17 വരെയുള്ള റൂൾസ് പ്രകാരമുള്ള സംവരണരീതി പാലിക്കണമെന്ന് സർക്കുലർ നമ്പർ 14896/ബി.പി.ഇ.2/91/പ്ലാ. തീയതി 28-2-1992 ഖണ്ഡിക 5 മുഖാന്തരം എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും മുഖ്യമേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 12068/ബി.പി.ഇ.2/93/പ്ലാ. തീയതി 1-3-1994 നമ്പർ സർക്കുലർപ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത എല്ലാ നിയമനങ്ങളിലും മേൽപ്പറഞ്ഞ സംവരണരീതി നിർബന്ധമായും പാലിക്കണമെന്ന ആവർത്തിച്ച നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| 2 | **ശിപാർശ 2 (ഖണ്ഡിക 3)**<br>ഇത് ഒരു നിയമപരമായ നടപടിക്രമമായി അംഗീകരിക്കണമെന്നും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ നിയമന-പ്രൊമോഷൻ വ്യവസ്ഥകളിലും അനുബന്ധ നിയമാവലികളിലും ഉൾക്കൊള്ളിച്ചുകൊണ്ട് ഭേദഗതി വരുത്തുവാൻ സത്വരനടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |
| 3 | **ശിപാർശ 3 (ഖണ്ഡിക 4)**<br>എക്സിക്യൂട്ടീവ് കാറ്റഗറിയിലേക്ക് നേരിട്ട് നിയമനം നടത്തുമ്പോൾ സംവരണതത്വം കർശനമായി പാലിക്കുന്നതിന് എല്ലാ പൊതുമേഖലാസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്നും വേണ്ടിവരുന്നപക്ഷം നിയമന/പ്രൊമോഷൻ വ്യവസ്ഥകളിൽ തന്നെ ഭേദഗതി വരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. | |

| | | |
|---|---|---|
| | **കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ** | |
| 4 | **ശിപാർശ 4 (ഖണ്ഡിക 7)**<br>കോർപ്പറേഷനിലെ എക്സിക്യൂട്ടീവ് കാറ്റഗറിയിൽ പിന്നോക്ക സമുദായക്കാർക്കുള്ള 5% പ്രാതിനിധ്യക്കുറവ് പരിഹരിച്ച് സമുദായ സംവരണം ക്രമമനുസരിച്ച് നിലനിർത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>(കൃഷിവകുപ്പിൽനിന്നുള്ള 26-11-1999-ലെ 22138/പി.യു2/99/കൃഷി നമ്പർ കത്ത്പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ട്)<br>കേന്ദ്രസംസ്ഥാന ഗവൺമെന്റുകൾക്ക് തുല്യഷെയർ ഉള്ള ഒരു പൊതുമേഖലാ സംരംഭമാണ് കേരളാ സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ. പ്രസ്തുത സ്ഥാപനത്തിലെ നിയമനം, പ്രൊമോഷൻ എന്നിവ 1962-ലെ വെയർ ഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് (സെൻട്രൽ ആക്ട് 58 ഓഫ് 1962) പ്രകാരം സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനങ്ങളുടെ അടിസ്ഥാനത്തിലാണ്. 1990 മാർച്ച് മാസം വരെ ഈ സ്ഥാപനത്തിൽ പിന്നോക്ക സമുദായങ്ങൾക്ക് സംവരണം നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല. 14-3-1990 മുതൽ ഇനിയുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തുകയും അതിനുശേഷം ഉള്ള നിയമനങ്ങളിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള അനുപാതത്തിൽ പിന്നോക്കസമുദായങ്ങൾക്ക് സംവരണം നൽകിവരുന്നുണ്ട്. സമിതിയുടെ 11-ാം റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്ന പ്രാതിനിധ്യക്കുറവ് 1990-നു മുൻപ് നടത്തിയ നിയമനങ്ങളിൽനിന്നും ഉണ്ടായതാണ്. ഇതു നികത്തുന്നതിന് നിലവിലുള്ള നിയമനത്തിൽ വ്യവസ്ഥകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. ഭാവിയിൽ ഉള്ള നിയമനങ്ങളിൽ സമുദായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതാണ്. |
| 5 | **ശിപാർശ 5 (ഖണ്ഡിക 8)**<br>കോർപ്പറേഷനിലെ മിനിസ്റ്റീരിയൽ കാറ്റഗറിയിൽ പിന്നോക്ക സമുദായക്കാർക്കുള്ള 8% പ്രാതിനിധ്യക്കുറവ് പരിഹരിച്ച് സമുദായ സംവരണം ക്രമമനുസരിച്ച് നടപ്പിലാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 6 | **ശിപാർശ 6 (ഖണ്ഡിക 9)**<br>കോർപ്പറേഷനിലെ ടെക്നിക്കൽ കാറ്റഗറിയിൽ പിന്നോക്ക സമുദായങ്ങൾക്കുള്ള 1% പ്രാതിനിധ്യക്കുറവ് പരിഹരിച്ച് സമുദായ സംവരണം ക്രമമനുസരിച്ച് നിലനിർത്തുന്നതിന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |

| | | |
|---|---|---|
| 7 | **ശിപാർശ 7 (ഖണ്ഡിക-10)**<br>കോർപ്പറേഷനിലെ ലാസ്റ്റ് ഗ്രേഡ് കാറ്റഗറിയിൽ സാമുദായിക പ്രാതിനിധ്യം ലഭിക്കാത്ത സമുദായങ്ങൾക്ക് പ്രാതിനിധ്യം നൽകാൻ സത്വര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| | **കേരള കേര കർഷക സഹകരണ ഫെഡറേഷൻ ലിമിറ്റഡ് (കേരഫെഡ്)** | |
| 8 | **ശിപാർശ 8 (ഖണ്ഡിക 14)**<br>എക്സിക്യൂട്ടീവ് കാറ്റഗറിയിലെ ഉദ്യോഗങ്ങൾക്ക് നാടാർ, പരിവർത്തിത ക്രിസ്ത്യൻസ്, ഒ.ബി.സി. തുടങ്ങിയ സമുദായങ്ങൾക്കുണ്ടായ പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>(കൃഷിവകുപ്പിൽനിന്നുള്ള 15-12-1999-ലെ 34708/ഐ.എഫ്.എ 3/99/കൃഷി നമ്പർ കത്ത്പ്രകാരം ലഭ്യമാക്കിയത്).<br>കേരഫെഡ് ഒരു സഹകരണ ഫെഡറേഷനാണ്. ഒരു പൊതുമേഖലാ സ്ഥാപനമല്ല. എന്നിരുന്നാലും ഇതിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തു കൊണ്ട് ഉത്തരവായിട്ടുണ്ട്. കേരഫെഡിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനങ്ങൾ നടത്തുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസ് ഇനിയും ഉണ്ടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച നടപടികൾ നടക്കുന്നതേയുള്ളൂ. റൂൾസ് ഉണ്ടാക്കുകയും പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുകയും ചെയ്യുന്നമുറയ്ക്ക് സംവരണാടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടത്തുന്നതാണ്. |
| 9 | **ശിപാർശ 9 (ഖണ്ഡിക 17)**<br>മിനിസ്റ്റീരിയൽ കാറ്റഗറിയിൽ നാടാർ, പരിവർത്തിത ക്രിസ്ത്യൻസ്, ധീവരർ എന്നീ സമുദായങ്ങൾക്ക് പ്രാതിനിധ്യം ലഭിച്ചിട്ടില്ല. ഈ കുറവ് പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |

| | | |
|---|---|---|
| 10 | **ശിപാർശ 10 (ഖണ്ഡിക 20)**<br>ടെക്നിക്കൽ കാറ്റഗറിയിൽ മുസ്ലീം, വിശ്വകർമ്മ എന്നീ സമുദായങ്ങൾക്ക് അർഹതപ്പെട്ട സംവരണതോത് ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| 11 | **ശിപാർശ 11 (ഖണ്ഡിക 36)**<br>കേരഫെഡിൽ ഇനിയുണ്ടാകുന്ന ഒഴിവുകളിൽ നിയമനങ്ങൾ നടത്തുമ്പോൾ പിന്നോക്ക സമുദായങ്ങൾക്ക് സംവരണ ക്വാട്ടയിൽ നിയമാനുസൃതം ലഭിക്കേണ്ട പ്രാതിനിധ്യം ഉറപ്പാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുന്നു. | |
| | **സമിതി ആരാഞ്ഞ അധിക വിവരം**<br>കേരഫെഡിൽ പി.എസ്.സി. വഴി നിയമനങ്ങൾ നടത്തുന്നതിന് സ്പെഷ്യൽ റൂൾസിന് രൂപം നൽകുന്നതിലുള്ള കാലതാമസത്തിന് കാരണമെന്താണ്?<br>(13-4-2000-ലെ സമിതിയോഗം ആരാഞ്ഞത്)<br>പ്രസ്തുത നടപടികളുടെ നിലവിലെ അവസ്ഥ എന്താണ്?<br>(8-1-2002-ലെ സമിതിയോഗം ആരാഞ്ഞത്) | <u>സ്വീകരിച്ച നടപടി</u><br>(കൃഷിവകുപ്പിൽനിന്നുള്ള 20-4-2001-ലെ 21244/ഐ.എഫ്.എ.3/2000/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).<br>കേരഫെഡിന്റെ സ്പെഷ്യൽ റൂൾസിന് രൂപം കൊടുക്കുന്ന കാര്യം വിശദമായി പരിശോധനയ്ക്ക് വന്നപ്പോൾ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച ശേഷം സഹകരണ സംഘം രജിസ്ട്രാരുടെ അംഗീകാരത്തോടെ സ്പെഷ്യൽ റൂൾസിന് രൂപം നൽകേണ്ടത് കേരഫെഡ് തന്നെയാണെന്ന് കണ്ടു. ആ രീതിയിൽ നടപടി എടുക്കാൻ കേരഫെഡ് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | |
|---|---|---|
| | കേരഫെഡിലെ നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്തുന്നതിന് ആവശ്യമായ സ്പെഷ്യൽ റൂൾസിന് രൂപം നൽകി യിട്ടുണ്ടോ? ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസിന് രൂപം നൽകുന്നതിനായി 2010-നു ശേഷം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?<br><br>(17-11-2015-ലെ സമിതി യോഗം ആരാഞ്ഞത്). | (കൃഷിവകുപ്പിൽ നിന്നുള്ള 14-9-2010-ലെ 7861/ഐ.എഫ്.എ.3/05/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).<br><br>കേരഫെഡിന്റെ നിലവിലുള്ള സാഹചര്യങ്ങളുടെ വെളിച്ചത്തിൽ സ്പെഷ്യൽ റൂൾ നടപ്പാക്കുന്നത് സംബന്ധിച്ച് വിശദമായ ചർച്ച ആവശ്യമായതി നാൽ ഇക്കാര്യം ഡയറക്ടർ ബോർഡ് മീറ്റിംഗിൽ വീണ്ടും സമർപ്പിച്ച് ബോർഡിന്റെ അംഗീകാരത്തോടുകൂടി സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണെന്ന് കേരഫെഡ് മാനേജിംഗ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ അടിയന്തര തീരുമാനം കൈക്കൊണ്ട് സർക്കാരിനെ അറിയിക്കണമെന്ന് മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ അന്തിമ മറുപടി സമർപ്പിക്കുന്നതാണ്.<br>(കൃഷിവകുപ്പിൽനിന്നുള്ള 9-11-2016-ലെ 21040/ഐ.എഫ്.എ.1/11/കൃഷി നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയത്).<br><br>9-4-1995-ലെ 6434/Leg/B2/95 Law നമ്പർ വിജ്ഞാപനം പ്രകാരം കേരഫെഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടുകയുണ്ടായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരഫെഡ് 22-8-1997-ൽ കരട് സ്റ്റാഫ് പാറ്റേൺ-ഉം ഫീഡർ കാറ്റഗറി റൂൾസും തയ്യാറാക്കി രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെയും സർക്കാരിന്റെയും പി.എസ്.സി.യുടെയും അംഗീകാരത്തിന് സമർപ്പിച്ചിരുന്നു. |

| | | |
|---|---|---|
| | | 30-11-2002-ൽ പി.എസ്.സി. പ്രസ്തുത ചട്ടങ്ങൾ ഭേദഗതികൾക്ക വിധേയമായി അംഗീകരിച്ചു. എന്നാൽ പി.എസ്.സി. നിർദ്ദേശിച്ച ഭേദഗതികളുടെയും കേരഫെഡ് പ്രതിനിധികളുമായുള്ള ചർച്ചകളുടെയും അടിസ്ഥാനത്തിൽ മാനേജിംഗ് ഡയറക്ടർ മുതൽ പാർട്ട് ടൈം സ്വീപ്പർ വരെയുള്ള 75 തസ്തികകളിലെ സ്പെഷ്യൽ റൂൾസ് കേരഫെഡ് തയ്യാറാക്കി. 24-6-2009-ലെ സ:ഉ.(സാധാ) 118/09/എ.ഡി. പ്രകാരം 23 തസ്തികകൾ മാത്രമാണ് കേരഫെഡിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. എന്നാൽ പി.എസ്.സി.-ക്ക് കേരഫെഡ് നൽകിയ വിശദാംശങ്ങൾ കണക്കിലെടുത്ത് 79 തസ്തികകളെ സംബന്ധിച്ച് പി.എസ്.സി. അഭിപ്രായം അറിയിച്ചിട്ടുണ്ട്.<br><br>കേരഫെഡിലെ നിയമന ചട്ടങ്ങൾക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് ആവശ്യപ്പെട്ട വിവരങ്ങൾ കേരഫെഡിൽ നിന്നും യഥാസമയം ലഭ്യമാക്കാത്തതുമൂലം സർക്കാരിന് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാൻ കാലതാമസം നേരിടുകയുണ്ടായി.<br><br>15-5-2013-ൽ കേരഫെഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിൽ നൽകിയ കത്തിന്റെ പകർപ്പും ഉള്ളടക്കമായ ഡ്രാഫ്റ്റ് റിക്രൂട്ട്മെന്റ് റൂൾസും പി.എസ്.സി.-ക്ക് അയച്ചു കൊടുത്തിട്ടുണ്ടെന്നും റൂൾസ് നിലവിൽ വന്ന തീയതി 19-3-2013 എന്ന് നിഷ്കർഷിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ടെന്നും പി.എസ്.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പി.എസ്.സി. നിരവധി ഓർമ്മക്കുറിപ്പുകൾ അയച്ചതിനു ശേഷം 2005-ൽ ഡ്രാഫ്റ്റ് റിക്രൂട്ട്മെന്റ് റൂൾസ് Kerala Co-operative Societies Act and |

| | | |
|---|---|---|
| | 9-2-2017-ൽ ചേർന്ന സമിതിയോഗം പ്രസ്തുത റിപ്പോർട്ട് പരിഗണിക്കുകയും ഇക്കാര്യത്തിൽ കൂടുതൽ വിശദീകരണത്തിനായി കേരഫെഡ് എം.ഡി.യിൽ നിന്ന് തെളിവെടുപ്പ് നടത്താൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. | Rules-ന് വിധേയമായി പുതുക്കി നിശ്ചയിക്കുവാൻ രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയ കേരഫെഡ് മാനേജിംഗ് ഡയറക്ടറുടെ നടപടി പി.എസ്.സി. നൽകിയിരുന്ന നിർദ്ദേശത്തിന്റെ വ്യതിചലനമാണെന്നും പി.എസ്.സി. സെക്രട്ടറി ആക്ഷേപമുന്നയിച്ചിട്ടുണ്ട്. നിരവധി തവണ ഡ്രാഫ്റ്റ് റിക്രൂട്ട്മെന്റ് റൂൾസ് സർക്കാർ മുഖേന ലഭ്യമാക്കുവാൻ കേരഫെഡ് എം.ഡി.-ക്ക് പി.എസ്.സി. നിർദ്ദേശം നൽകിയെങ്കിലും കേരഫെഡ് ഡയറക്ടർ ബോർഡ് 19-3-2013-ന് അന്തിമ അംഗീകാരം നൽകിയ കരട് റിക്രൂട്ട്മെന്റ് റൂൾസ് പി.എസ്.സി.-ക്ക് നൽകുന്നതിനായി കേരഫെഡ് മാനേജിംഗ് ഡയറക്ടർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയത് 15-5-2013-ന് ആണ്. ടി കരട് റിക്രൂട്ട്മെന്റ് റൂൾസ് പി.എസ്.സി.യുടെ ഉപദേശമനുസരിച്ചല്ലാത്തതിനാൽ അംഗീകരിക്കാൻ സാധിക്കില്ലായെന്ന് പി.എസ്.സി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്.<br><br>തുടർന്ന് കൃഷിവകുപ്പ് അഡീഷണൽ സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്)യുടെ അദ്ധ്യക്ഷതയിൽ കേരഫെഡ് മാനേജിംഗ് ഡയറക്ടർ, കൃഷിവകുപ്പ് ഡയറക്ടർ എന്നിവരുമായി ചർച്ച നടത്തുകയും കേരഫെഡ് മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച Work Study റിപ്പോർട്ട് പരിശോധിക്കുവാൻ തീരുമാനിക്കുകയുമുണ്ടായി. എന്നാൽ 28-11-2015-ലെ സ.ഉ. (സാധാ) നമ്പർ 1976/15/കൃഷി പ്രകാരം കേരഫെഡിനെയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും സംയോജിപ്പിക്കുന്ന വിഷയം സർക്കാർ തത്വത്തിൽ |

| | | |
|---|---|---|
| | | അംഗീകരിച്ചെങ്കിലും നിയമവകുപ്പിന്റെ അഭിപ്രായപ്രകാരം ടി ഉത്തരവ് 1-9-2016-ലെ സ.ഉ. (സാധാ) നമ്പർ 751/2016/കൃഷി നമ്പർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്യുകയുണ്ടായി. ആയതിനാൽ 4-6-2009-ലെ GO.(Ms) No. 118/2009/AD പ്രകാരം കേരഫെഡിൽ അംഗീകരിക്കപ്പെട്ട 23 തസ്തികകൾ വിവിധ കാറ്റഗറിയിൽ ഉള്ളതിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനായി പുതിയ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ കേരഫെഡ് എം.ഡി.-യോട് ആവശ്യപ്പെട്ടിരിക്കുകയാണ്. കേരഫെഡിൽ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി ബഹു. സമിതിയുടെ ശിപാർശയ്ക്ക് പ്രാധാന്യം നൽകി ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചു വരികയാണ്. |
| | **കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ.എസ്.ആർ.ടി.സി.)** | |
| 12 | **ഖണ്ഡിക 39**<br>ജാതി തിരിച്ചുള്ള താഴെക്കൊടുത്തിരിക്കുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ വ്യത്യസ്തമായ അഞ്ച് സ്കെയിലുകളിലായി ആകെ 220 എക്സിക്യൂട്ടീവ്സ് ഉണ്ടെന്ന് കാണുവാൻ കഴിയും. അതിൽ 94 പേർ (42.73%) മുന്നോക്ക വിഭാഗത്തിലും, 21 പേർ (9.55%) എസ്.സി./എസ്.റ്റി. വിഭാഗത്തിലും, 105 പേർ (47.72%) പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു. | |

## ജാതി തിരിച്ചുള്ള പട്ടിക

### എക്സിക്യൂട്ടീവ്

| | മുന്നോക്ക വിഭാഗം (ശതമാനം) | | ഈഴവർ (ശതമാനം) | | മുസ്ലീം (ശതമാനം) | | ലത്തീൻ കത്തോലിക്കർ അദർദാൻ ആംഗ്ലോ ഇന്ത്യൻ (ശതമാനം) | | നാടാർ (ശതമാനം) | |
|---|---|---|---|---|---|---|---|---|---|---|
| സ്കെയിൽ I | 68 | 43.87 | 20 | 12.96 | 17 | 10.97 | 8 | 5.16 | 3 | 1.94 |
| സ്കെയിൽ II | 22 | 52.38 | 9 | 21.43 | 1 | 2.38 | 1 | 2.38 | - | - |
| സ്കെയിൽ III | 1 | 8.33 | 5 | 41.67 | - | - | 1 | 8.38 | 1 | 8.33 |
| സ്കെയിൽ IV | 1 | 14.29 | 3 | 42.86 | 2 | 28.57 | - | - | - | - |
| സ്കെയിൽ V | 2 | 50.00 | 1 | 25.00 | - | - | - | - | - | - |
| ആകെ എണ്ണം | 94 | - | 38 | - | 20 | - | 10 | - | 4 | - |
| ശതമാനം | 42.73 | - | 17.27 | - | 9.09 | - | 4.55 | - | 1.82 | - |
| ആവശ്യമുള്ള ശതമാനം | 50 | - | 14 | - | 12 | - | 4 | - | 2 | - |
| | | | + 3.27 (കൂടു തൽ) | | -2.91 (കുറ വ്) | | + 0.55 (കൂടു തൽ) | | - 0.18 (കുറ വ്) | |

## ജാതി തിരിച്ചുള്ള പട്ടിക

### എക്സിക്യൂട്ടീവ്

| | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതി/ പട്ടികവർഗ്ഗക്കാർ (ശതമാനം) | | വിശ്വകർമ്മ (ശതമാനം) | | ധീവര (ശതമാനം) | | ഒ.ബി.സി. (ശതമാനം) | | എസ്.സി./ എസ്.റ്റി. (ശതമാനം) | |
|---|---|---|---|---|---|---|---|---|---|---|
| സ്കെയിൽ I | 1 | 0.65 | 7 | 4.52 | 1 | 0.65 | 15 | 9.68 | 15 | 9.68 |
| സ്കെയിൽ II | - | - | 3 | 7.14 | - | - | 3 | 7.14 | 3 | 7.14 |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| സ്റ്റെയിൽ III | - | - | 1 | 8.33 | - | - | - | - | 3 | 25.00 |
| സ്റ്റെയിൽ IV | - | - | - | - | - | - | 1 | 14.29 | - | - |
| സ്റ്റെയിൽ V | - | - | - | - | - | - | 1 | 25 | - | - |
| ആകെ എണ്ണം | 1 | - | 11 | - | 1 | - | 20 | - | 21 | - |
| ശതമാനം | 0.45 | - | 5 | - | 0.45 | - | 9.09 | - | 9.55 | - |
| ആവശ്യമുള്ള ശതമാനം | 1 | - | 3 | - | 1 | - | 3 | - | 10 | - |
| | | -0.55 (കുറവ്) | | +2 (കൂടുതൽ) | | 0.55 (കുറവ്) | | +6.00 (കൂടുതൽ) | | -0.45 (കുറവ്) |

| | | |
|---|---|---|
| 13 | **ശിപാർശ 12 (ഖണ്ഡിക-40)**<br>പട്ടികപ്രകാരം (ഖണ്ഡിക 39) പ്രാതിനിധ്യക്കുറവുള്ള സമുദായങ്ങൾക്ക് അവർക്കർഹതപ്പെട്ട പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് ഉചിതമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>39-ാം ഖണ്ഡികയിൽ കൊടുത്തിട്ടുള്ള പട്ടികപ്രകാരം സമുദായ പ്രാതിനിധ്യത്തിൽ നാമമാത്രമായ കുറവ് മാത്രമേ കാണപ്പെടുന്നുള്ളൂ. ഇതുതന്നെ താഴെപ്പറയുന്ന വസ്തുതകൾകൊണ്ട് ഉണ്ടായിട്ടുള്ളതാണ്. എക്സിക്യൂട്ടീവ് പോസ്റ്റിൽ ആകെയുള്ളവരിൽ 2 പേരൊഴികെ മറ്റുള്ളവർ എല്ലാം ഇന്റർമീഡിയറ്റ് കാറ്റഗറിയിൽ (എൽ.ഡി. ക്ലർക്ക്, കണ്ടക്ടർ ഗ്രേഡ്-2, ഡ്രൈവർ ഗ്രേഡ്-2, വർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2) പി.എസ്.സി. വഴിയോ കോർപ്പറേഷന്റെ നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട "റിക്രൂട്ട്മെന്റ് ബോഡി വഴിയോ നിയമനം ലഭിച്ചവരാണ്." പ്രസ്തുത നിയമനങ്ങളിൽ സംവരണതത്വം കർശനമായി പാലിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവംമൂലം പ്രാതിനിധ്യത്തിൽ നേരിയ വ്യത്യാസം വന്നുചേർന്നിട്ടുണ്ട്. ഈ വ്യത്യാസം സ്വാഭാവികമായും ഭാവിയിൽ വരുന്ന പി.എസ്.സി. റിക്രൂട്ട്മെന്റുകളിലൂടെ പരിഹരിക്കപ്പെടാവുന്നതാണ്. |

| | | |
|---|---|---|
| 14 | **ഖണ്ഡിക 41**<br>ആകെ 4301 മിനിസ്റ്റീരിയൽ ജീവനക്കാർ ഉള്ളതിൽ 1856 പേർ (43.15%) മുന്നോക്കവിഭാഗത്തിലും 495 പേർ (11.51%) എസ്.സി./ എസ്.റ്റി. വിഭാഗത്തിലും 1950 പേർ (45.34%) പിന്നോക്ക വിഭാഗത്തിലും പെടുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട 1950 പേരുടെ ജാതി തിരിച്ചുള്ള പട്ടിക താഴെകൊടുക്കുന്നു: | |

| ക്രമ നമ്പർ | ജാതി | എണ്ണം | ലഭിച്ച പ്രാതിനിധ്യം | ലഭിക്കേണ്ട പ്രാതിനിധ്യം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഈ.റ്റി.ബി. | 848 | 19.72% | 14% | +5.72% (കൂടുതൽ) |
| 2 | മുസ്ലീം | 392 | 9.11% | 12% | -2.89% (കുറവ്) |
| 3 | ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇൻഡ്യൻ | 124 | 2.88% | 4% | -1.12% (കുറവ്) |
| 4 | നാടാർ | 135 | 3.14% | 2% | +1.14% (കൂടുതൽ) |
| 5 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ | 29 | 0.67% | 1% | -0.33% (കുറവ്) |
| 6 | വിശ്വകർമ്മ | 152 | 3.53% | 3% | +0.53% (കൂടുതൽ) |
| 7 | ധീവരർ | 52 | 1.21% | 1% | +0.21% (കൂടുതൽ) |
| 8 | ഒ.ബി.സി. | 218 | 5.07% | 3% | +2.07% (കൂടുതൽ) |

| | | |
|---|---|---|
| 15 | **ശിപാർശ 13 (ഖണ്ഡിക 42)**<br>മുൻ പട്ടികപ്രകാരം (ഖണ്ഡിക-41) പ്രാതിനിധ്യക്കുറവ് വന്നിട്ടുള്ളത് എന്തുകൊണ്ടാണെന്ന് പരിശോധിക്കേണ്ടതാണെന്നും പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിന് വേണ്ട സത്വരനടപടികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനുമായി ആലോചിച്ച് കൈക്കൊള്ളേണ്ടതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>41-ാം ഖണ്ഡികയിലെ പിന്നോക്ക സമുദായ പ്രാതിനിധ്യത്തിന് നാമമാത്രമായ കുറവു മാത്രമേ കാണുന്നുള്ളൂ.<br>കെ.എസ്.ആർ.ടി.സി.-യിൽ 1969 വരെയുള്ള നിയമനങ്ങൾ കോർപ്പറേഷൻ നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട "റിക്രൂട്ട്മെന്റ് ബോഡി" ആണ് നടത്തിയിരുന്നത്. 1969-ൽ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തെങ്കിലും 1971-ലാണ് ആദ്യമായി പി.എസ്.സി.യുടെ അഡ്വൈസ് ലഭിച്ചു തുടങ്ങിയത്. മേൽപ്പറഞ്ഞ രണ്ട് തരം നിയമനങ്ങളിലും പിന്നോക്ക സമുദായ പ്രാതിനിധ്യ നിയമങ്ങൾ കർശനമായി പാലിക്കപ്പെട്ടിരുന്നു. പ്രാതിനിധ്യകുറവിന്റെ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ് :<br>1. സർവീസിലിരിക്കെ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നിയമനങ്ങൾ.<br>2. ഇൻഡോ-പാകിസ്ഥാൻ യുദ്ധത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നിയമനങ്ങൾ.<br>3. സ്പോർട്സ് ക്വാട്ടയിലുള്ള നിയമനങ്ങൾ.<br>4. ദേശസാൽകൃത റൂട്ടുകളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ നിയമനങ്ങൾ മുതലായവ.<br>മുകളിൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരമുള്ള നിയമനങ്ങൾ സർക്കാർ നിയമങ്ങൾക്ക് വിധേയമായി കോർപ്പറേഷൻ നടത്തുന്നു. പ്രസ്തുത നിയമന പദ്ധതികൾ നിലവിൽ വന്നശേഷം ഇതുവരെ 3010 പേരെ നിയമിച്ചിട്ടുണ്ട്. ഈ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത നിയമനങ്ങൾ മൂലം ഉണ്ടായിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ വർദ്ധനവ് കൊണ്ടാണ് പ്രാതിനിധ്യക്കുറവിന്റെ ശതമാനം ഇത്രയും അനുഭവപ്പെടുന്നത്. |

| 16 | ഖണ്ഡിക 43<br>ടെക്നിക്കൽ വിഭാഗത്തിലെ ജീവനക്കാരുടെ ജാതി തിരിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു: | | | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ജാതി | എണ്ണം | ലഭിച്ച പ്രാതിനിധ്യം | ലഭിക്കേണ്ട പ്രാതിനിധ്യം | റിമാർക്സ് |
| 1 | ഇ.റ്റി.ബി. | 1325 | 20.59% | 14% | +6.59% (കൂടുതൽ) |
| 2 | മുസ്ലീം | 535 | 8.31% | 12% | -3.69% (കുറവ്) |
| 3 | ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇൻഡ്യൻ | 191 | 2.97% | 4% | -1.03% (കുറവ്) |
| 4 | നാടാർ | 268 | 4.16% | 2% | +2.16% (കൂടുതൽ) |
| 5 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ | 42 | 0.65% | 1% | -0.35% (കുറവ്) |
| 6 | വിശ്വകർമ്മ | 1329 | 20.65% | 3% | +17.65% (കൂടുതൽ) |
| 7 | ധീവരർ | 30 | 0.47% | 1% | -0.53% (കുറവ്) |
| 8 | ഒ.ബി.സി. | 256 | 3.98% | 3% | +0.98% (കൂടുതൽ) |

| | | |
|---|---|---|
| 17 | **ശിപാർശ 14 (ഖണ്ഡിക 45)**<br>മുസ്ലീം, എൽ.സി./എ.ഐ. എന്നീ വിഭാഗങ്ങൾക്ക് ലഭിച്ചിരിക്കുന്ന പ്രാതിനിധ്യം നിശ്ചിത തോതിൽ നിന്നും കുറവാണ്. എന്നാൽ മറ്റ് വിഭാഗക്കാർക്ക് ലഭിക്കേണ്ടതിലും കൂടുതൽ പ്രാതിനിധ്യം ലഭിച്ചിരിക്കുന്നു. സാങ്കേതിക പരിജ്ഞാനമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമല്ലാത്ത സാഹചര്യത്തിൽ നിയമനം | <u>സ്വീകരിച്ച നടപടി</u><br>43-ാം ഖണ്ഡികയിലെ പിന്നോക്ക സമുദായ പ്രാതിനിധ്യത്തിന് നാമമാത്രമായ കുറവു മാത്രമേ കാണുന്നുള്ളൂ. കെ.എസ്.ആർ.ടി.സി.യിൽ 1969 വരെയുള്ള നിയമനങ്ങൾ കോർപ്പറേഷൻ നിയമാനുസൃതമായി രൂപീകരിക്കപ്പെട്ട റിക്രൂട്ട്മെന്റ് ബോഡിയാണ് നടത്തിയിരുന്നത്. 1969-ൽ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുത്തെങ്കിലും |

| | | |
|---|---|---|
| | ലഭിക്കേണ്ടവർക്കാണോ ലഭിച്ചത് എന്ന് പരിശോധിക്കേണ്ടതും, പ്രാതിനിധ്യക്കുറവ് വന്നിട്ടുള്ള വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതു മാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. | 1971 ലാണ് ആദ്യമായി പി.എസ്.സി.യുടെ അഡ്വൈസ് ലഭിച്ചു തുടങ്ങിയത്. മേൽപ്പറഞ്ഞ രണ്ട് തരം നിയമനങ്ങളിലും പിന്നോക്ക സമുദായ പ്രാതിനിധ്യ നിയമങ്ങൾ കർശനമായി പാലിക്കപ്പെട്ടിരുന്നു. പ്രാതിനിധ്യ കുറവിന്റെ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ് :<br>1. സർവീസിലിരിക്കെ മരണപ്പെടുന്നവരുടെ ആശ്രിതർക്കുള്ള നിയമനങ്ങൾ.<br>2. ഇൻഡോ-പാകിസ്ഥാൻ യുദ്ധത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള നിയമനങ്ങൾ.<br>3. സ്പോർട്സ് ക്വാട്ടയിലുള്ള നിയമനങ്ങൾ<br>4. ദേശസാൽകൃത റൂട്ടുകളിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ നിയമനങ്ങൾ മുതലായവ.<br>മുകളിൽ സൂചിപ്പിച്ച പദ്ധതികൾ പ്രകാരമുള്ള നിയമനങ്ങൾ സർക്കാർ നിയമങ്ങൾക്ക് വിധേയമായി കോർപ്പറേഷൻ നടത്തുന്നു. പ്രസ്തുത നിയമന പദ്ധതികൾ നിലവിൽ വന്നശേഷം ഇതുവരെ 3010 പേരെ നിയമിച്ചിട്ടുണ്ട്. ഈ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കുവാൻ സാധിക്കുകയില്ല. പ്രസ്തുത നിയമനങ്ങൾമൂലം ഉണ്ടായിട്ടുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ വർദ്ധനവ് കൊണ്ടാണ് പ്രാതിനിധ്യക്കുറവ് ഉണ്ടായിട്ടുള്ളത്. പ്രാതിനിധ്യക്കുറവിന്റെ കാരണങ്ങളിൽ പ്രധാനമായ മറ്റൊരു കാര്യം നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവമാണ്. പി.എസ്.സി. അവരുടെ അംഗീകൃത മാനദണ്ഡങ്ങളും നിയമങ്ങളും അനുസരിച്ചാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. അവർ "അഡ്വൈസ്" ചെയ്യുന്ന ഉദ്യോഗാർത്ഥികളെ നിയമിക്കുന്ന കാര്യം മാത്രമേ കെ.എസ്.ആർ.ടി.സി./സർക്കാർ ചെയ്യുന്നുള്ളൂ. ഈ സാഹചര്യത്തിൽ മറ്റു വിഭാഗങ്ങളിൽ നിയമനം ലഭിക്കേണ്ടവർക്കാണോ ലഭിച്ചത് എന്ന കാര്യത്തെ സംബന്ധിച്ച വിവരങ്ങൾ സർക്കാരിലും കെ.എസ്.ആർ.ടി.സി.യിലും ലഭ്യമല്ല. |

| | | |
|---|---|---|
| 18 | **ഖണ്ഡിക 46**<br>ഇൻസ്പെക്ടേഴ്സ് ആന്റ് സ്റ്റേഷൻ മാസ്റ്റേഴ്സ് വിഭാഗത്തിൽ ആകെ 1338 ജീവനക്കാരുള്ളതിൽ 603 പേർ (45.07%) മുന്നോക്ക വിഭാഗക്കാരും 89 പേർ (6.65%) എസ്.സി./എസ്.റ്റി. വിഭാഗക്കാരും 646 പേർ (48.28%) പിന്നോക്ക വിഭാഗക്കാരും ആണ്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട 646 പേരുടെ ജാതി തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു: | |

| ക്രമ നമ്പർ | ജാതി | എണ്ണം | ലഭിച്ച പ്രാതിനിധ്യം | ലഭിക്കേണ്ട പ്രാതിനിധ്യം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇ.റ്റി.ബി. | 263 | 19.66% | 14% | +5.66% (കൂടുതൽ) |
| 2 | മുസ്ലീം | 176 | 13.15% | 12% | +1.15% (കൂടുതൽ) |
| 3 | ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇൻഡ്യൻ | 16 | 1.12% | 4% | -2.88% (കുറവ്) |
| 4 | നാടാർ | 66 | 4.93% | 2% | +2.93% (കൂടുതൽ) |
| 5 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ | 7 | 0.52% | 1% | -0.48% (കുറവ്) |
| 6 | വിശ്വകർമ്മ | 37 | 2.77% | 3% | -0.23% (കുറവ്) |
| 7 | ധീവരർ | 20 | 1.49% | 1% | +0.49% (കൂടുതൽ) |
| 8 | ഒ.ബി.സി. | 62 | 4.63% | 3% | +1.63% (കൂടുതൽ) |

| | | |
|---|---|---|
| 19 | **ശിപാർശ 15 (ഖണ്ഡിക 47)**<br>ലത്തീൻ കത്തോലിക്ക/ആംഗ്ളോ ഇന്ത്യൻ വിഭാഗത്തിന് 2.88% സംവരണക്കുറവ് വരാനുള്ള കാരണങ്ങൾ കണ്ടെത്തി അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിന് ഉദ്യോഗസ്ഥൻമാരുടെ ഒരു ഉന്നതാധികാര സമിതിയെ നിയമിക്കണമെന്ന് ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>ഇൻസ്പെക്ടർ/സ്റ്റേഷൻ മാസ്റ്റർ വിഭാഗത്തിലേയ്ക്കുള്ള നിയമനം മുഴുവൻ കണ്ടക്ടർ വിഭാഗത്തിൽ നിന്നുള്ള പ്രൊമോഷൻ മുഖാന്തരമാണ് നടത്തുന്നത്. ഈ സാഹചര്യത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ ഉപയോഗിക്കേണ്ട സംവരണ തത്വങ്ങൾ/നിയമനങ്ങൾ ഈ വിഭാഗത്തിന് ബാധകമാക്കാൻ സാധിക്കുകയില്ല. പിന്നോക്ക സമുദായങ്ങൾക്ക് നീക്കിവച്ചിട്ടുള്ള എണ്ണത്തിൽ വരുന്ന കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉള്ളതുപോലെ) നികത്തുന്നതിന് ഇപ്പോൾ നിയമങ്ങളൊന്നും നിലവിലില്ല. |
| 20 | **ഖണ്ഡിക 48**<br>7764 കണ്ടക്ടർമാരുള്ളതിൽ 3665 പേർ (47.21%) മുന്നോക്ക വിഭാഗത്തിലും 1113 പേർ (14.34%) എസ്.സി./എസ്.റ്റി. വിഭാഗത്തിലും 2986 പേർ (38.46%) പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട 2986 പേരുടെ ജാതി തിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു: | |

| നമ്പർ | ജാതി | എണ്ണം | ലഭിച്ച പ്രാതിനിധ്യം | ലഭിക്കേണ്ട പ്രാതിനിധ്യം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.റ്റി.ബി. | 1171 | 15.08% | 14% | +1.08% (കൂടുതൽ) |
| 2 | മുസ്ലീം | 722 | 9.30% | 12% | -2.70% (കുറവ്) |
| 3 | ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇൻഡ്യൻ | 169 | 2.18% | 4% | -1.82% (കുറവ്) |
| 4 | നാടാർ | 175 | 2.25% | 2% | +0.25% (കൂടുതൽ) |

| | | | | | |
|---|---|---|---|---|---|
| 5 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ | 44 | 0.57% | 1% | -0.43% (കുറവ്) |
| 6 | വിശ്വകർമ്മ | 275 | 3.54% | 3% | +0.54% (കൂടുതൽ) |
| 7 | ധീവരർ | 71 | 0.91% | 1% | -0.09% (കുറവ്) |
| 8 | ഒ.ബി.സി. | 359 | 4.62% | 3% | +1.62% (കൂടുതൽ) |

| | | |
|---|---|---|
| 21 | **ശിപാർശ 16 (ഖണ്ഡിക 49)**<br>പട്ടികപ്രകാരം (ഖണ്ഡിക 48) പ്രാതിനിധ്യക്കുറവ് വന്നിട്ടുള്ള പിന്നോക്ക വിഭാഗക്കാർക്ക് അവർക്കർഹമായ പ്രാതിനിധ്യം ലഭിക്കേണ്ടതാണെന്ന് സമിതി കരുതുന്നു. അർഹരായവരും യോഗ്യരായവരുമായ ഉദ്യോഗാർത്ഥികളുടെ അഭാവമുണ്ടെങ്കിൽ കേരള പബ്ലിക് സർവീസ് കമ്മീഷനുമായാലോചിച്ച് യുക്തമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | <u>സ്വീകരിച്ച നടപടി</u><br>മുൻ ഖണ്ഡിക 45-ൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങൾ കൊണ്ടാണ് ഈ കുറവ് ഉണ്ടായിട്ടുള്ളത്. |
| 22 | **ഖണ്ഡിക 50**<br>ആകെ 178 പേർ ഹെഡ്‌വെഹിക്കിൾ സൂപ്പർവൈസേഴ്സ് തസ്തികയിൽ ജോലിനോക്കിവരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. അതിൽ 55 പേർ (30.90%) മുന്നോക്ക വിഭാഗത്തിലും 3 പേർ (1.69%) എസ്.സി./എസ്.റ്റി. വിഭാഗത്തിലും 120 പേർ (67.42%) പിന്നോക്ക വിഭാഗത്തിലും ഉൾപ്പെടുന്നു. പിന്നോക്ക വിഭാഗത്തിൽപ്പെട്ട 120 പേരുടെ ജാതി തിരിച്ചുള്ള പട്ടിക താഴെകൊടുത്തിരിക്കുന്നു: | |

| ക്രമ നമ്പർ | ജാതി | എണ്ണം | ലഭിച്ച പ്രാതിനിധ്യം | ലഭിക്കേണ്ട പ്രാതിനിധ്യം | റിമാർക്സ് |
|---|---|---|---|---|---|
| 1 | ഇ.റ്റി.ബി. | 55 | 30.90% | 14% | +16.90% (കൂടുതൽ) |
| 2 | മുസ്ലീം | 34 | 19.10% | 12% | +7.10% (കൂടുതൽ) |
| 3 | ലത്തീൻ കത്തോലിക്ക/ ആംഗ്ലോ ഇൻഡ്യൻ | - | 2.25% | .4% | -1.75% (കുറവ്) |
| 4 | നാടാർ | 9 | 5.06% | 2% | +3.06% (കൂടുതൽ) |
| 5 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ | - | - | 1% | -1% (കുറവ്) |
| 6 | വിശ്വകർമ്മ | 4 | 2.25% | 3% | -0.75% (കുറവ്) |
| 7 | ധീവരർ | 4 | 2.25% | 1% | +1.25% (കൂടുതൽ) |
| 8 | ഒ.ബി.സി. | 10 | 5.62% | 3% | +2.62% (കൂടുതൽ) |

| | | |
|---|---|---|
| 23 | **ശിപാർശ 17 (ഖണ്ഡിക 51)**<br>ലത്തീൻ കത്തോലിക്ക/ആംഗ്ലോ ഇന്ത്യൻ എന്നീ വിഭാഗത്തിൽ സാങ്കേതിക യോഗ്യതയുള്ള ഉദ്യോഗാർത്ഥികളുടെ അഭാവമാണോ ഇത്തരത്തിലുള്ള പ്രാതിനിധ്യ കുറവ് വരാനിടയായ സാഹചര്യമെന്നത് പരിശോധനാ വിധേയമാക്കേണ്ട താണെന്നും സാങ്കേതിക യോഗ്യത യുള്ളവരെ തെരഞ്ഞെടുത്ത് ഇൻസർവീസ് ട്രെയിനിംഗ് | <u>സ്വീകരിച്ച നടപടി</u><br>ഹെഡ്വെഹിക്കിൾ, സൂപ്പർവൈസേഴ്സ് വിഭാഗത്തിലേയ്ക്കുള്ള നിയമനം വെഹിക്കിൾ സൂപ്പർവൈസേഴ്സിന്റെ പ്രൊമോഷൻ മുഖാന്തരമാണ് നടത്തുന്നത്. ഇൻസ്പെക്ടർ/സ്റ്റേഷൻ മാസ്റ്റർ വിഭാഗത്തിലേയ്ക്കുള്ള നിയമനം മുഴുവൻ കണ്ടക്ടർ വിഭാഗത്തിൽ നിന്നുള്ള പ്രൊമോഷൻ മുഖാന്തരമാണ് നടത്തുന്നത്. ഈ സാഹചര്യത്തിൽ നേരിട്ടുള്ള നിയമനങ്ങളിൽ ഉപയോഗിക്കേണ്ട |

| | | |
|---|---|---|
| | കൊടുത്ത് നിയമിക്കുന്ന കാര്യം ആലോചിക്കുന്നത് ഉചിതമായിരിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. | സംവരണ തത്വങ്ങൾ/നിയമനങ്ങൾ ഈ വിഭാഗത്തിന് ബാധകമാക്കാൻ സാധിക്കുകയില്ല. പിന്നോക്ക സമുദായങ്ങൾക്ക് നീക്കിവച്ചിട്ടുള്ള എണ്ണത്തിൽ വരുന്ന കുറവ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നികത്തുന്നതിന് (പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉള്ളതുപോലെ) ഇപ്പോൾ നിയമങ്ങളൊന്നും നിലവിലില്ല. |
| 24 | **ഖണ്ഡിക 52**<br><br>ഡ്രൈവേഴ്സ് ആന്റ് വെഹിക്കിൾസ് സൂപ്പർവൈസേഴ്സ് തസ്തികയിൽ ആകെ 8010 ജീവനക്കാരുള്ളതിൽ 3490 പേർ (43.57%) മുന്നോക്ക വിഭാഗക്കാരും, 308 പേർ (3.85%) എസ്.സി./എസ്.റ്റി-ക്കാരും 4212 പേർ (52.58%) പിന്നോക്ക വിഭാഗക്കാരും ആണ്. പിന്നോക്ക വിഭാഗത്തിൽപ്പെട്ട 4212 പേരുടെ ജാതിതിരിച്ചുള്ള പട്ടിക താഴെ കൊടുക്കുന്നു: | |

| ക്രമ നമ്പർ | ജാതി | എണ്ണം | ലഭിച്ച പ്രാതിനിധ്യം | ലഭിക്കേണ്ട പ്രാതിനിധ്യം | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇ.റ്റി.ബി. | 2118 | 26.44% | 14% | +12.44% (കൂടുതൽ) |
| 2 | മുസ്ലീം | 999 | 12.47% | 12% | +0.47% (കൂടുതൽ) |
| 3 | ലത്തീൻ കത്തോലിക്ക / ആംഗ്ലോ ഇൻഡ്യൻസ് | 218 | 2.72% | 4% | -1.28% (കുറവ്) |
| 4 | നാടാർ | 191 | 2.38% | 2% | +0.38% (കൂടുതൽ) |

| | | | | | |
|---|---|---|---|---|---|
| 5 | ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാർ | 37 | 0.46% | 1% | -0.54% (കുറവ്) |
| 6 | വിശ്വകർമ്മ | 259 | 3.23% | 3% | +10.23% (കൂടുതൽ) |
| 7 | ധീവരർ | 53 | 0.66% | 1% | -0.34% (കുറവ്) |
| 8 | ഒ.ബി.സി. | 337 | 4.21% | 3% | +1.21% (കൂടുതൽ) |

| | | |
|---|---|---|
| 25 | **ശിപാർശ 18 (ഖണ്ഡിക 53)**<br>പ്രാതിനിധ്യ കുറവ് വന്നിട്ടുള്ള പിന്നോക്കവിഭാഗക്കാർക്ക് അർഹമായ പ്രാതിനിധ്യം നൽകാൻ ഉപകരിക്കുന്ന രീതിയിൽ കേരള പബ്ലിക് സർവീസ് കമ്മീഷനുമായി കൂടിയാലോചിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സ്വീകരിച്ച നടപടി<br>ഖണ്ഡിക 51-ൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങൾ കൊണ്ടാണ് പ്രാതിനിധ്യക്കുറവ് ഉണ്ടായിട്ടുള്ളത്. |
| 26 | **ശിപാർശ 19 (ഖണ്ഡിക 58)**<br>കെ.എസ്.ആർ.ടി.സി. ഒരു പൊതുമേഖലാ സ്ഥാപനമായതിനാൽ ഏതുതരത്തിലുള്ള നിയമനമായാലും പിന്നോക്ക വിഭാഗക്കാർക്കും അർഹമായ പ്രാതിനിധ്യം കൊടുക്കേണ്ടതു തന്നെയാണ്. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | സ്വീകരിച്ച നടപടി<br>സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |
| 27 | **ശിപാർശ 20 (ഖണ്ഡിക 59)**<br>കേരള സർക്കാരിന്റെ പ്രധാനപ്പെട്ട കോർപ്പറേഷനുകളിൽ ഒന്നായ കെ.എസ്. ആർ. ടി.സി. യിലെ നിയമനങ്ങളിൽ പിന്നോക്ക | സ്വീകരിച്ച നടപടി<br>സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു. |

| | | |
|---|---|---|
| | സമുദായാംഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നില്ലയെന്ന് വ്യക്തമാക്കുന്ന പട്ടികകളാണ് സമിതിക്ക് ലഭ്യമായത്. പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നുണ്ടോ യെന്ന് പരിശോധിക്കുന്നതിനായി സെക്രട്ടേറിയറ്റ് തലത്തിൽ ഒരു മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം അനിവാര്യമായി തീർന്നിരിക്കുന്ന ഈ സാഹചര്യത്തിൽ പ്രസ്തുത സെല്ല് രൂപീകരിച്ച് അതിന്റെ പ്രവർത്തനം സുഗമമായ രീതിയിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. | |
| | **കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റി (കാഡ)** | |
| 28 | **ശിപാർശ 21 (ഖണ്ഡിക 62)**<br>'കാഡ' ഒരു സ്ഥിരം സംവിധാനമല്ലാത്തതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതാണ് അഭികാമ്യമെന്ന കാഡയുടെ അഭിപ്രായത്തോട് സമിതി അതൃപ്തി രേഖപ്പെടുത്തുകയും കാഡ നിലനിൽക്കുന്നിടത്തോളം കാലം അവിടെയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തുമ്പോൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥ പൂർണ്ണമായി ഒഴിവാക്കി, പി.എസ്.സി. മുഖേന നിയമനം നടത്തണമെന്ന് സമിതി ശക്തിയായി ശിപാർശ ചെയ്യുകയും ചെയ്യുന്നു.<br>(2015-ൽ നിർത്തലാക്കി). | <u>സ്വീകരിച്ച നടപടികൾ</u><br>(ജലസേചനവകുപ്പിന്റെ 20-8-1999-ലെ 18453/കാഡ 1/99/ജല.വ. നമ്പർ കത്ത്പ്രകാരം ലഭ്യമായ റിപ്പോർട്ട്).<br>സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിയമാനുസൃതം പിന്നോക്കസമുദായ സംവരണം നിലനിർത്തിക്കൊണ്ടാണ് പി.എസ്.സി. തസ്തികകൾ നികത്തുന്നത്. സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സ്ഥിര നിയമനം ലഭിച്ചവരിൽനിന്ന് സമ്മതമുള്ളവരെ മാത്രമാണ് കാഡയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥപ്രകാരം നിയമിക്കുന്നത്. കെ.എസ്.ആർ. പാർട്ട്-1, റൂൾസ് 146 അനുസരിച്ച് സമ്മതമുള്ളവരെ മാത്രമെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുവാൻ സാധിക്കുകയുള്ളൂ. ഡെപ്യൂട്ടേഷൻ കാലാവധി പരമാവധി 5 വർഷമാണുതാനും. ഈ സാഹചര്യത്തിൽ കാഡയിൽ പിന്നോക്ക സമുദായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാൻ ബുദ്ധിമുട്ടുകളുണ്ട്. കാഡ ഒരു സ്വയംഭരണ സ്ഥാപനമാണ്. പൂർത്തീകരിച്ച ജലസേചന പദ്ധതികളുടെ കമാന്റ് ഏരിയായിൽ കൃഷി |

| | | |
|---|---|---|
| | | വികസനത്തിന് ആവശ്യമായ സൗകര്യം ഒരുക്കുകയെന്നതാണ് പ്രധാന ലക്ഷ്യം. കമാന്റ് ഏരിയായിൽ കാഡ ഏറ്റെടുക്കുന്ന പദ്ധതികൾ പൂർത്തീകരിച്ച് കഴിഞ്ഞാൽ ആയതിന്റെ ചുമതലയുള്ള ഡിവിഷനുകളും സബ് ഡിവിഷനുകളും നിർത്തലാക്കും. തൃശ്ശൂർ, പാലക്കാട്, ചാലക്കുടി തുടങ്ങിയ ഡിവിഷനുകളിലെ 80% ജോലികളും പൂർത്തീകരിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന ജോലികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മേൽപ്പറഞ്ഞ ഡിവിഷനുകൾ നിർത്തലാക്കും. ഉദ്ദേശം 250-ൽപ്പരം ജീവനക്കാർ മേൽപ്പറഞ്ഞ ഡിവിഷനുകളിൽ ജോലി ചെയ്യുന്നുണ്ട്. പി.എസ്.സി. വഴി സ്ഥിരം നിയമനം നടത്തുകയാണെങ്കിൽ ഡിവിഷനുകൾ നിർത്തലാക്കുന്നമുറയ്ക്ക് പ്രസ്തുത ഡിവിഷനുകളിലെ ജീവനക്കാരെ പിരിച്ചുവിടേണ്ടിവരും. ഇത് ജീവനക്കാരോട് ചെയ്യുന്ന ക്രൂരതയായിരിക്കും. കാഡയുടെ കീഴിലുള്ള പെരുമ്പാവൂർ, ചെങ്ങന്നൂർ, പേരാമ്പ്ര ഡിവിഷനുകൾ ജലസേചന വകുപ്പിന്റെ തന്നെ ഡിവിഷനുകളായിരുന്നു. ഈ ഡിവിഷനുകളിലെ തസ്തികകൾ ജലസേചന വകുപ്പിന്റെ കേഡർ സ്ട്രെങ്ത്തിൽ ഉൾപ്പെട്ടവയാണ്. ഇതിലെ ജീവനക്കാർ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരാണ്. ആയതുകൊണ്ടുതന്നെ പിന്നോക്കസമുദായ സംവരണം ഈ വകുപ്പിൽ ഉറപ്പുവരുത്തിയിട്ടുണ്ട്.<br>ഈ സാഹചര്യത്തിൽ കാഡയിൽ പി.എസ്.സി. മുഖേന നിയമനം നടത്തണമെന്ന പിന്നോക്കസമുദായക്ഷേമ സമിതിയുടെ ശിപാർശയോട് യോജിക്കുവാൻ നിർവ്വാഹമില്ലെന്നുള്ള വിവരം വിനയപൂർവ്വം പിന്നോക്കസമുദായ ക്ഷേമം സംബന്ധിച്ച സമിതിയെ അറിയിച്ചുകൊള്ളുന്നു. |

തിരുവനന്തപുരം,
2018 ഡിസംബർ 4.

ചിറ്റയം ഗോപകുമാർ,

*അദ്ധ്യക്ഷൻ,*

*പിന്നോക്ക സമുദായ ക്ഷേമം സംബന്ധിച്ച സമിതി.*

കേരള സർക്കാർ

സാഗ്രഹം

കൃഷി വകുപ്പ്-കേരഫെഡിന്റെയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെയും പ്രവർത്തനം സംയോജിപ്പിക്കുന്ന വിഷയം തത്വത്തിൽ അംഗീകരിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

---

കൃഷി (ഐ.എഫ്.എ) വകുപ്പ്

സ.ഉ (സാധാ) നമ്പർ 751/2016/AGRI തീയതി, തിരുവനന്തപുരം. 01/09/2016

---

പരാമർശം: 28-11-2015 ലെ സ.ഉ (സാധാ) നമ്പർ 1976/15/കൃഷി നമ്പർ ഉത്തരവ്.

ഉത്തരവ്

കേരഫെഡിന്റെയും കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെയും പ്രവർത്തനം സംയോജിപ്പിക്കുന്ന വിഷയം തത്വത്തിൽ അംഗീകാരം നൽകി പരാമർശം പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് റദ്ദ് ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സാജു.എസ്.
ഡെപ്യൂട്ടി സെക്രട്ടറി

കൃഷി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരഫെഡ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ /ഓഫീസ് കോപ്പി
പകർപ്പ്-കൃഷി വകുപ്പ് മന്ത്രിയുടെ പി. എസ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2019

കേരള നിയമസഭാ പ്രിൻറിംഗ് പ്രസ്സ്.